19636
5/12/16

കേരള സർക്കാർ

സംഗ്രഹം

കണ്ണൂർ സർക്കാർ ആയുർവേദ മെഡിക്കൽ കോളേജിൽ ബി.എ.എം.എസ്. സീറ്റുകൾ വർദ്ധിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആയുഷ് (എ) വകുപ്പ്

സ.ഉ. (എം.എസ്.) നം.22/2016/ആയുഷ് തീയതി, തിരുവനന്തപുരം, 02.12.2016.

---

പരാമർശം: ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ **20.1.2016**-ലെ ജെ**3/3584/15/**ഡി.എ.എം.ഇ. നമ്പർ കത്ത്.

## ഉത്തരവ്

കണ്ണൂർ സർക്കാർ ആയുർവേദ മെഡിക്കൽ കോളേജിൽ ബി.എ.എം.എസ് സീറ്റുകൾ 40-ൽ നിന്നും 60 ആക്കി വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് സംബന്ധിച്ച് ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരാമർശത്തിലെ കത്ത് പ്രകാരം സർക്കാരിന് ശുപാർശ സമർപ്പിച്ചിരുന്നു.

2. സി.സി.ഐ.എം മാനദണ്ഡങ്ങൾക്ക് അനുസൃതമായി കണ്ണൂർ സർക്കാർ ആയുർവേദ മെഡിക്കൽ കോളേജിൽ ഇൻഡോർ-ഔട്ട്ഡോർ ഗെയിമുകൾക്കുള്ള സൗകര്യങ്ങൾ, കാന്റീൻ, സെമിനാർ ഹാൾ, ആഡിറ്റോറിയം, പരീക്ഷാ ഹാൾ, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമുള്ള പ്രത്യേക ഹോസ്റ്റലുകൾ തുടങ്ങിയ എല്ലാ ഭൗതിക സാഹചര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ടെന്നും ആവശ്യമായ അധ്യാപക-അനധ്യാപക തസ്തികകൾ ആയുർവേദ കോളേജിലും ആശുപത്രിയിലും സൃഷ്ടിച്ചിട്ടുള്ളതിനാൽ സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഇല്ലാതെ തന്നെ 2016-17 മുതൽ നിലവിലുള്ള 40 ബി.എ.എം.എസ് സീറ്റുകൾ 60 ആക്കി വർദ്ധിപ്പിക്കാവുന്നതാണെന്നും ആയതിനാൽ നിലവിലുള്ള ബി.എ.എം.എസ് സീറ്റുകൾ വർദ്ധിപ്പിക്കുന്നതിന് എൻ.ഒ.സി ലഭ്യമാക്കണമെന്നും ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പരാമർശം പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3. മേൽ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ സർക്കാർ ആയുർവേദ മെഡിക്കൽ കോളേജിലെ ബി.എ.എം.എസ് സീറ്റുകൾ സർക്കാരിന് അധികസാമ്പത്തിക ബാധ്യതയില്ലാതെയും, അധിക തസ്തികകൾ സൃഷ്ടിക്കാതെയും, സി.സി.ഐ.എം അംഗീകാരത്തിന് വിധേയമായും 2016-17 അക്കാദമിക് വർഷം മുതൽ 40-ൽ നിന്നും 60 ആക്കി വർദ്ധിപ്പിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രാജീവ് സദാനന്ദൻ,
അഡീഷണൽ ചീഫ് സെക്രട്ടറി

സെക്രട്ടറി, ആയുഷ് മന്ത്രാലയം, ഭാരത സർക്കാർ, ന്യൂ ഡൽഹി (ആമുഖ കത്ത് സഹിതം)
ഡയറക്ടർ, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ഭാരതീയ ചികിത്സാ വകുപ്പ്, തിരുവനന്തപുരം.
കമ്മീഷണർ, എൻട്രൻസ് എക്സാമിനേഷൻസ്, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ആരോഗ്യ സർവ്വകലാശാല, തൃശ്ശൂർ.
പ്രിൻസിപ്പൽ, സർക്കാർ ആയുർവേദ മെഡിക്കൽ കോളേജ്, കണ്ണൂർ.
പൊതുഭരണ (എസ്.സി.) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ ), കേരള, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

## 37. മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 30-11-2016.

ഫയൽ നം.55/എ3/2016/ആയുഷ് ഇനം നം: 511

വിഷയം : ആയുഷ് വകുപ്പ് - കണ്ണൂർ ആയുർവേദ മെഡിക്കൽ കോളേജിൽ ബി.എ.എം.എസ്. സീറ്റുകൾ വർദ്ധിപ്പിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം 1. അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

എസ്.എം. വിജയാനന്ദ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്.

കേരള സർക്കാർ
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | |
|---|---|
| 1. ഫയൽ നമ്പർ | 55/എ 3/2016/ആയുഷ് |
| 2. വകുപ്പ് | ആയുഷ് (എ) വകുപ്പ് |
| 3. വിഷയം | കണ്ണൂർ ആയുർവേദ മെഡിക്കൽ കോളേജിൽ ബി.എ.എം.എസ് സീറ്റുകൾ വർദ്ധിപ്പിക്കുന്നത് - സംബന്ധിച്ച് |
| 4. മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 24/11/2016 |
| 5. i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ? | അല്ല |
| ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രി സഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | ഇല്ല |
| 6. മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല<br>ഇല്ല |
| 7. കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ.ആർ.വേണുഗോപാലൻ ഉണ്ണിത്താൻ |
| 8. കുറിപ്പ് സമർപ്പിച്ച അഡീഷണൽ ചീഫ് സെക്രട്ടറി സെക്രട്ടറിയുടെ പേര് | ശ്രീ.രാജീവ് സദാനന്ദൻ |
| 9. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 26/11/2016 |
| 10. കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ.എസ്.എം.വിജയാനന്ദ് |
| 11. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 29/11/2016 |
| 12. കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ |
| 13. മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 29/11/2016 |
| 14. കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 29/11/2016 |
| 15. മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

1. കണ്ണൂർ സർക്കാർ ആയുർവേദ മെഡിക്കൽ കോളേജിൽ ബി.എ.എം.എസ് സീറ്റുകൾ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ചതാണ് ഈ കുറിപ്പിലെ വിഷയം.

2. കണ്ണൂർ സർക്കാർ ആയുർവേദ മെഡിക്കൽ കോളേജിൽ ബി.എ.എം.എസ് സീറ്റുകൾ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ വിശദമായ ശുപാർശ സമർപ്പിച്ചിരുന്നു. സി.സി.ഐ.എം മാനദണ്ഡങ്ങൾക്ക് അനുസൃതമായി കണ്ണൂർ സർക്കാർ ആയുർവേദ മെഡിക്കൽ കോളേജിൽ ഇൻഡോർ-ഔട്ട്ഡോർ ഗെയിമുകൾക്കുള്ള സൗകര്യങ്ങൾ, കാന്റീൻ, സെമിനാർ ഹാൾ, ആഡിറ്റോറിയം,പരീക്ഷാ ഹാൾ,ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുമുള്ള പ്രത്യേക ഹോസ്റ്റലുകൾ തുടങ്ങിയ എല്ലാ ഭൗതിക സാഹചര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ടെന്നും ഇതിനാവശ്യമായ അധ്യാപക-അനധ്യാപക തസ്തികകൾ ആയുർവേദ കോളേജിലും ആശുപത്രിയിലും സൃഷ്ടിച്ചിട്ടുള്ളതുമാണ് എന്നും ആയതിനാൽ സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഇല്ലാതെ തന്നെ 2016-17 മുതൽ നിലവിലുള്ള 40 ബി.എ.എം.എസ് സീറ്റുകൾ 60 ആക്കി വർദ്ധിപ്പിക്കാവുന്നതാണെന്നും ഈ സാഹചര്യത്തിൽ നിലവിലുള്ള ബി.എ.എം.എസ് സീറ്റുകൾ വർദ്ധിപ്പിക്കുന്നതിന് എൻ.ഒ.സി ലഭ്യമാക്കണമെന്നും ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3. ആയുർവേദ/യുനാനി/സിദ്ധ/ഹോമിയോപ്പതി കോഴ്സുകളിലേക്കുള്ള പ്രവേശനത്തിനുള്ള അവസാന തീയതി നവംബർ 30 വരെ ആക്കി കേന്ദ്ര ആയുഷ് മന്ത്രാലയം ദീർഘിപ്പിച്ച് നല്കിയിരുന്നു . കൂടാതെ 23.11.2016 ലെ സ.ഉ(സാധാ)നം.567/2016/ആയുഷ് ഉത്തരവ് പ്രകാരം ടി , കോഴ്സുകളിലെ സർക്കാർ സീറ്റുകളിലേക്കുള്ള പ്രവേശനം 25.11.2016 -ൽ തന്നെ പൂർത്തിയാക്കിയിട്ടുമുണ്ട്.

4. കണ്ണൂർ സർക്കാർ ആയുർവേദ മെഡിക്കൽ കോളേജിലെ ബി.എ.എം.എസ് സീറ്റുകൾ സർക്കാരിന് അധികസാമ്പത്തിക ബാധ്യതയില്ലാതെയും അധിക തസ്തികകൾ സൃഷ്ടിക്കാതെയും സി.സി.ഐ.എം അംഗീകാരത്തിന് വിധേയമായും 40 -ൽ നിന്നും 60 ആക്കി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് ഉത്തരവിനായി ഫയൽ ചംക്രമണം ചെയ്തപ്പോൾ ടി വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി .

## തീരുമാനമെടുക്കേണ്ട വിഷയം

1. ആയുർവേദ/യുനാനി/സിദ്ധ/ഹോമിയോപ്പതി കോഴ്സുകളിലേക്കുള്ള പ്രവേശനത്തിനുള്ള അവസാന തീയതി നവംബർ 30 വരെ മാത്രമാണ് കേന്ദ്ര ആയുഷ് മന്ത്രാലയം ദീർഘിപ്പിച്ചു നല്കിയിട്ടുള്ളതെന്നതിനാലും 23.11.2.016 ലെ സ.ഉ(സാധാ ) 567/2016/ആയുഷ് ഉത്തരവ് പ്രകാരം ടി കോഴ്സുകളിലെ സർക്കാർ സീറ്റുകളിലേക്കുള്ള പ്രവേശനം 25.11.2016 ൽ പൂർത്തിയാക്കിയിട്ടുണ്ട് എന്നതിനാലും, കണ്ണൂർ സർക്കാർ ആയുർവേദ മെഡിക്കൽ കോളേജിലെ ബി.എ.എം.എസ് സീറ്റുകൾ 2016-17 അക്കാദമിക് വർഷം തന്നെ 40 ൽ നിന്നും 60 ആക്കി വർദ്ധിപ്പിക്കേണ്ടതുണ്ടോ?

അല്ലെങ്കിൽ

2. കണ്ണൂർ സർക്കാർ ആയുർവേദ മെഡിക്കൽ കോളേജിലെ ബി.എ.എം.എസ് സീറ്റുകൾ സർക്കാരിന് അധിക സാമ്പത്തിക ബാധ്യതയില്ലാതെയും അധിക തസ്തികകൾ സൃഷ്ടിക്കാതെയും സി.സി.ഐ.എം അംഗീകാരത്തിന് വിധേയമായും അടുത്ത അക്കാദമിക വർഷം അതായത് 2017-18 ൽ 40-ൽ നിന്നും 60 ആക്കി വർദ്ധിപ്പിക്കാമോ?